പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1558

05-02-2019-ൽ മറുപടിക്ക്

## ഓണാട്ടുകര വികസന പദ്ധതി

**ചോദ്യം**

ശ്രീമതി. യു. പ്രതിഭ

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓണാട്ടുകര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, എത്ര രൂപ ഇതിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ? | | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓണാട്ടുകര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1) 1066.67 ഹെക്ടർ സ്ഥലത്ത് 160 ലക്ഷം രൂപ ചെലവഴിച്ച് കിഴങ്ങു വർഗ്ഗ ഇടവിളകൃഷി നടപ്പിലാക്കി. ആലപ്പുഴ ജില്ലയിൽ 821.368 ഹെക്ടറും, കൊല്ലം ജില്ലയിൽ 236. 042 ഹെക്ടറും, പത്തനംതിട്ട ജില്ലയിൽ 9.26 ഹെക്ടറും സ്ഥലത്താണ് ഇപ്രകാരം കിഴങ്ങു വർഗ്ഗ കൃഷി ചെയ്തത്.<br>2) എള്ള് കൃഷി വികസനം 450 ഹെക്ടർ സ്ഥലത്ത് നടപ്പാക്കി. ആലപ്പുഴ ജില്ലയിൽ 250 ഹെക്ടർ സ്ഥലത്തും, കൊല്ലം ജില്ലയിൽ 200 ഹെക്ടർ സ്ഥലത്തും എള്ള് കൃഷി ചെയ്തു.<br>3) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ക്കായി നെൽകൃഷി വികസന ഏജൻസി പദ്ധതിയിൽ 32.50 ലക്ഷം രൂപ അനുവദിച്ചു.<br>4) പ്രത്യേക കാർഷിക മേഖല പദ്ധതി പ്രകാരം ഓണാട്ടുകര പ്രദേശത്തെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി 15 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നുവെങ്കിലും പ്രളയാനന്തരമുണ്ടായ, നടപ്പ് സാമ്പത്തിക വർഷത്തെ പ്ലാൻ കട്ട് കാരണം , പ്രസ്തുത തുക അനുവദിക്കാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ